# ഡിജിറ്റൽ മാഗസിൻ

# ജാലകം




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION




## ആദരണീയ പ്രധാന അധ്യാപിക ഷൈലജ ടീച്ചർ



## സീനിയർ അസിസ്റ്റന്റ്

## എ.പി ലീന ടീച്ചർ



## ഞങ്ങളുടെ സ്കൂളിന്റെ പുരോഗതിക്കായി അക്ഷീണം പ്രവർത്തിക്കുന്ന PTA പ്രസിഡന്റ് ടി. എൻ. ജോഷി



# സന്ദേശം

പുതുതലമുറയുടെ, സർഗ്ഗാത്മകമായും സാങ്കേതികമായും ഉള്ള കഴിവുകളെ പ്രയോജനപ്പെടുത്തുന്നതിനായി ഏർപ്പെടുത്തിയ **Little KITES** ചായ്യൻകുഴി ഗവ: ഹയർസെക്കൻഡറി സ്കൂളിലും വളരെ നല്ല രീതിയിൽ നടക്കുന്നു. ഈപദ്ധതിയുടെ ഭാഗമായി കുട്ടികൾ തയാറാക്കിയ ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളുടെ സാങ്കേതിക വിദ്യയിലുള്ള വൈദഗ്ധ്യവും അഭിരുചിയും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ **KITE** അംഗങ്ങൾക്കും അവരെ അതിനു തയ്യാറാക്കിയ അദ്ധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

(ഒപ്പ് )

**ശൈലജ കെ ആർ**

(ഹെഡ്മിസ്ട്രസ് )



27 വർഷത്തെ സ്തുത്യർഹമായ
സേവനത്തിനു ശേഷം ഈ വർഷം
വിരമിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട
ശശീന്ദ്രൻ മാസ്റ്റർക്ക് ഞങ്ങളുടെ
സ്നേഹാദരങ്ങൾ........

# ഉള്ളടക്കം

സന്ദേശം..........................................................................4

എഡിറ്റോറിയൽ..................................................................7

കമ്പ്യൂട്ടറിന്റെ ചരിത്രം......................................................9

ക്വിസ് കോർണർ..................................................................10

വരൂ..വീണ്ടെടുക്കാം......മലയാളത്തെ..................................12

മാണിക്യവീണ......................................................................13

കഥ....സ്നേഹം......................................................................14

ജൈവവൈവിധ്യം................................................................16

എസ്.പി.സി...........................................................................20

അഭിമാനം............................................................................22

കവിത...................................................................................26

ഒ.ആർ.സി ക്യാമ്പ്...............................................................30

മികവിന്റെ പാതയിൽ..........................................................32

# എഡിറ്റോറിയൽ

കുട്ടികളുടെ സർഗാത്മകവും സാങ്കേതികപരവുമായ കഴിവുകളെ തിരിച്ചറിഞ്ഞ് , അത് വളർത്തിയെടുക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് **Little kites.** ജി എച്ച് എച്ച് എസ് ചായ്യൻകുഴി ലിറ്റിൽ കൈറ്റ്സ് അവതരിപ്പിക്കുന്ന മാസികയാണ് `ജാലകം`. ലിറ്റിൽ കൈറ്റ്സ് മെമ്പർമാരുടെ അശ്രാന്ത പരിശ്രമമാണ് ഈ മാഗസിനു പിന്നിൽ. കൈറ്റ് മെമ്പർമാരുടെയുംഅല്ലാത്തവരുടെയും കഴിവുകൾ ഇതിലൂടെ കാണാം. മലയോരമേഖലയായ ചായ്യൻകുഴി ഒരു പിന്നോക്ക മേഖലയാണ്. ഇവിടെ സാങ്കേതിക പരിജ്ഞാനം നേടിയവർ വളരെ ചുരുക്കം മാത്രമാണ്. ഈ ഒരു സ്ഥലത്തേക്ക് ലിറ്റിൽ കൈറ്റ്സ് പോലൊരു പദ്ധതി ആവിഷ്കരിച്ച സംസ്ഥാന സർക്കാരിനും ജി എച്ച് എസ് എസ് ചായ്യൻകുഴിയിലെ പി ടി എയ്ക്കും ഞങ്ങളുടെ അകമഴിഞ്ഞ നന്ദിയർപ്പിച്ചും കൊണ്ട് ഇത് നിങ്ങൾക്കു മുൻപിൽ ഞങ്ങൾ ഇതർപ്പിക്കുന്നു.........

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

എഡിറ്റർ അരവിന്ദ് ജെ ആർ

# ഗണിതമേള വിജയികൾ



***അനഘ എം എസ്***
സിംഗിൾ പ്രോജക്ട്
(ഗണിതം)



***ആൽബിൻ ബിജു***
പ്യുവർ കൺസ്ട്രക്ഷൻ
(ഗണിതം)

# കമ്പ്യൂട്ടറിന്റെ ചരിത്രം

**1642-ൽ ബ്ലെയ്സ് പാസ്കൽ ആണ് പാസ്കലൈൻ എന്ന പേരിൽ ആദ്യത്തെ കണക്കുകൂട്ടുന്ന യന്ത്രം നിർമ്മിച്ചത്. 1822-ൽ ചാൾസ് ബാബേജ് ഗണിതക്രിയകൾ ചെയ്യാൻകഴിവുള്ള ഒരു ഡിഫറൻസ് എഞ്ചിൻ നിർമ്മിച്ചു. വില്ല്യം തോംസൺ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ആണ് ആദ്യത്തെസ്വയം നിയന്ത്രിത അനലോഗ് കംപ്യൂട്ടർ സംവിധാനം ചെയ്തത്. റിക്കാഡിങ്ങ്, കമ്പയലിങ്ങ്, ടാബുലേറ്റ് എന്നീ ക്രിയകൾ ചെയ്യാൻ കഴിയുന്ന ആദ്യത്തെ യന്ത്ര സംവിധാനം 1887 ൽ ഹെർമൻ ഹോളറിത്ത് എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ രൂപകല്പന ചെയ്തു. 1944 ൽ 'മാർക്ക് 1' എന്ന പേരിൽ ആദ്യത്തെ ഡിജിറ്റൽ കംപ്യൂട്ടർ നിർമിച്ചു.**

**ആദ്യത്തെ ശരിയായ ഇലക്ട്രോണിക് കംപ്യൂട്ടർ 'എനിയാക് 1' 1946 ൽ പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിൽ നിർമ്മിക്കപ്പെട്ടു. എഡ്വാക്, എഡ്സാക് തുടങ്ങിയവ തുടർന്നുണ്ടായ കംപ്യൂട്ടറുകളാണ്. ആദ്യകാല കംപ്യൂട്ടറുകൾ വളരെ വല്യപ്പം ഉണ്ടായിരുന്നതിനാൽ വലിയ മുറികളിലായാണ് സജ്ജീകരിച്ചിരുന്നതെന്ന്, പോക്കറ്റുകളിലൊതുക്കാവുന്ന കംപ്യൂട്ടറുകളുടെ ഇക്കാലത്ത് അറിയുമ്പോൾ കംപ്യൂട്ടർ ലോകത്തുവന്ന മാറ്റങ്ങൾ ഊഹിക്കാം.**

**കംപ്യൂട്ടറുകളുടെ ആരംഭകാലത്ത് ഗണിതശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ലളിതമായ ഗണിത ക്രിയകളല്ലാതെ വലിയ പ്റാധാന്യമുള്ള കണക്കുകൾ ചെയ്യുവാൻ ഉപയോഗിച്ചിരുന്നില്ല. പിന്നീട് ഗണിത ക്രിയകൾ കോർത്തിണക്കി കൂടുതൽ സങ്കീർണ്ണമായ ക്രിയകൾ ചെയ്യുവാനുള്ള പ്രോഗ്രാമുകൾ എഴുതാൻ ശാസ്ത്രജ്ഞർ പഠിക്കുകയും ഗണിത ഗവേഷണത്തിൽ കംപ്യൂട്ടറുകൾ ഒരു പ്രധാന ഉപകരണമാവുകയും ചെയ്തു . 19-ാം നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ ചാൾസ് ബാബേജ് എന്ന ശാസ്ത്രജ്ഞൻ ഡിഫറൻസ് എൻജിൻെറ മാതൃകയും അദ്ദേഹം ഉണ്ടാക്കി. ആധുനിക കംപ്യൂട്ടറുകളുടെ ആരംഭത്തിനു കാരണമായ ചാൾസ് ബാബേജിനെ കംപ്യൂട്ടറുകളുടെ പിതാവായി കണക്കാക്കുന്നു.**

ആൽബിൻബിജു
10 A

# Quiz corner

1. **PUBG** യുടെ പൂർണ്ണ രൂപം എന്ത്?
- Player's Unknown Battle Ground.
2. കേരളത്തിൻെറ സംസ്ഥാന ശലഭം?
- ബുദ്ധമയൂരി
3. Diamond കഴിഞ്ഞാൽ ഏറ്റവും കട്ടിയേറിയ പദാർത്ഥം ഏത്?
- ഇന്ദ്രനീലം
4. സംഗീതത്തോടുള്ള അമിതമായ താല്പര്യം അറിയപ്പെടുന്നത്?
- Melomania
5. ഇന്ത്യൻ മഹിളാ കോൺഗ്രസിൻെറ ആദ്യത്തെ ട്രാൻസ്ജെൻഡർ അദ്ധ്യക്ഷ ആര്?
- അപ്സര റെഡ്ഡി
6. International Monitory Fund ( I M F) ൻെറ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായി നിയമിതയായ ആദ്യ വനിത ആര്?
- ഗീത ഗോപിനാഥ്
7. അൻറ്റാർട്ടിക്കയിലെ ഏറ്റവും വലിയ കൊടുമുടിയായ Mt. Vincent കീഴടക്കിയ ആദ്യത്തെ അംഗപരിമിതയായ വനിത ആര്?
- അരുണിമ സിൻഹ
8. കേരളത്തിലെ ആദ്യ ഭക്ഷ്യസുരക്ഷ കമ്മീഷൻ ചെയർമാൻ ആര്?
- കെ വി മോഹൻകുമാർ
9. പ്രേംചന്ദിൻെറ യതാർത്ഥ പേര്?
- ധൻപത് റായ്
10. മൊബൈൽ ഫോൺ കണ്ടുപിടിച്ചത് ആര്?
- മാർട്ടിൻ കൂപ്പർ

# ഡിജിറ്റൽ പെയ്ന്റിങ്ങ്

***സൗരവ് കൃഷ്ണപ്രസാദ്***

എ ഗ്രേഡ്(ഒന്നാം സ്ഥാനം)



# വരൂ...വീണ്ടെടുക്കാം

## മലയാളത്തെ

നമുക്കറിയാം. നമ്മുടെ മലയാളം. നമ്മുടെ മാതൃഭാഷ. ചിലർ പറയുന്നു മലയാളം മരിക്കുന്നെന്ന്. ചിലർ പറയുന്നു മലയാളം ലോകമൊട്ടാകെ പരക്കുന്നെന്ന്. വാസ്തവത്തിൽ ഈ രണ്ടു വാദങ്ങളും ശരിയാണ്. നാം ചിന്തിക്കേണ്ടിയിരിക്കുന്നു.എന്തു കൊണ്ടാണ് മലയാളം മരിക്കുന്നതെന്ന്, എന്തുകൊണ്ടാണ് മലയാളത്തെ അങ്ങനെയാക്കുന്നതെന്ന്. 1498 ൽ വാസ്കോഡി ഗാമ എന്ന പോർച്ചുഗീസുകാരൻെറ വരവോടെ ഇന്ത്യയെയും കേരളത്തെയും യൂറോപ്യന്മാർ അറിഞ്ഞു. നമ്മുടെ രാജഭരണത്തിൻെറ പോരായ്മകൾ , സമ്പത്ത് എന്നിവ അവർ അറിഞ്ഞു. അതുവഴി തമിഴ്,സംസ്കൃതം എന്നീ ഭാഷകളുടെ സ്വാധീനം ഉണ്ടായിരുന്ന മലയാളം മൂന്നു നൂറ്റാണ്ടിനു ശേഷം അത് മംഗ്ലീഷായി മാറി.

എന്താണീമാറ്റത്തിനു കാരണം?

അന്നു നമ്മളെ അടക്കി വാണ സൂര്യനസ്തമിക്കാത്ത സാമ്രാജ്യമായ യുണൈറ്റഡ് ജാക്ക്. അവരുടെ വെളുപ്പിൽ മോഹിച്ചതു മുതൽ, അവരെ പോലെയാകണം എന്നാഗ്രഹിച്ചതു മുതൽ തുടങ്ങി മലയാളത്തിൻെറ നാശം.ആ ആഗ്രഹങ്ങളിലൊന്ന് ഇംഗ്ലീഷു പഠിക്കണമെന്നാണ്. ആ ലക്ഷ്യം ഇന്ത്യ ഒട്ടാകെ പരന്നു. അതിൻെറ അലകളിൽ ചിലത് ഇങ്ങ് കേരളത്തിലും വന്നു. എന്നിരുന്നാലും ആശാൻ , ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ കവികൾ മലയാള ഭാഷയുടെ പ്രൗഢി നിലനിർത്തിക്കൊണ്ട് കവിതകൾ രചിച്ചുകൊണ്ടേയിരുന്നു. ഒരു ഭാഷ സജീവമാകാൻ ആ ഭാഷ നിരന്തരം സംസാരിച്ചുകൊണ്ടേയിരിക്കുക തന്നെ വേണം. അതിൻെയിടയ്ക്ക് വല്ല ഇംഗ്ലീഷും ചേർത്താൽ അതിനെ മംഗ്ലീഷെന്നു പറയും.

1967 ൽ അമേരിക്കയിലെ ചിക്കാഗോയിൽ മാർട്ടിൻ ലൂഥർ കിംഗ് പ്രസംഗത്തിലെ ആ വാക്കുകൾ ഞാൻ കടം കൊള്ളുന്നു.

എനിക്കൊരു സ്വപ്നമുണ്ട്. ഒരിക്കലും ആരുടെ മുന്നിലും തല കുനിക്കാതെ മലയാളം ലോകത്തിലെ ഒന്നാംതരം ഭാഷകളിലൊന്നായി മാറും. ഇംഗ്ലീഷിനു പ്രാധാന്യം കുറച്ച്, തങ്ങളുടെ മാതൃഭാഷയ്ക്കു പ്രാധാന്യം നൽകുന്ന ആദിനം വരും. അന്നു തലയുയർത്തി നിന്ന് കൊണ്ട് പറയും- ഞാൻ ഒരു മലയാളിയാണെന്ന്.......

# മാണിക്യവീണ

വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ
വന്ദനം വന്ദനം !ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്ന നൂതനോന്മേഷം പകർന്നിടും
ദേവഭാഷാമൃതം ചേന്ന ഭാഷേ,
നിന്മുലപ്പലിന്റ് വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ.
വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ



താളമിട്ടാടുന്ന തെങ്കടൽക്കല്ലോല-
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ;
ദാനമായ്ത്തീരുന്ന നാളികേരദ്രുമ-
താലപത്രാന്തരമർമ്മരങ്ങൾ;
ആനന്ദരാഗങ്ങൾ മൂളുന്ന നീളുന്ന
കാനനപ്പൊൽക്കുളിർച്ചോലയെല്ലാം
ത്വൽ കകർമ്മമണ്ഡലം വിസ്തൃതമല്ലൊരു
കൈക്കുടവട്ടമായിരിക്കാം

കവിത



Kerala Infrastructure and Technology for Education

# കഥ

## സ്നേഹം

മഴതോരുന്നില്ല.മൂന്ന് ദിവസമായി നാർത്താതെ പെയ്യുന്ന മഴ. ശക്തി ഓരോ നിമിഷവും കൂടി കൂടി വരുന്നു.
തുള്ളിക്കൊരുകുടം എന്ന പോലെ മഴ തുടർന്നു കൊണ്ടിരിക്കെ പെട്ടന്ന് ഒരു ഇടിമുഴക്കം.അവൾ ഭീതിയോടെ
കണ്ണുകൾ ഇറുക്കിയടച്ചു. അത് ഭൂമിയെ ആകെ കുലുക്കുന്നതുപോലെ അവൾക്ക് തോന്നി.വീട്ടിൽ അന്നേരം
തനിച്ചായിപ്പോയ അവൾ നടുങ്ങിയിരിക്കുകയായിരുന്നു.മഴയുടെ ശക്തി ഓരോ നിമിഷവും വർദ്ദിക്കുന്നതുപോലെ തന്നെ അവളുടെ പേടിയും വർദ്ദിച്ച് വന്നു. അവൾ നാതിലും ജനലുമെല്ലാം അടച്ചിട്ട് വീട്ടിന്റെ നാലുചുമരുകൾക്കിടയിലും ഒരു മൂലയിൽ പേടിച്ചിരുന്നു. ഇടി മുഴക്കം പതുക്കെ ഇല്ലാതയി. പക്ഷേ
കുറച്ച് അലറലും ബഹളവും.കുറച്ച് നേരം കഴിഞ്ഞ് കണ്ണുകൾ തുറന്ന് കലയുയർത്തി.ഭീതിയോടെ പതുക്കെ ജനലിന്റെ വിടവിലൂടെ പുറത്തേക്ക് നോക്കി. അവൾ ആ കാഴ്ച്ചകണ്ടു.അവൾ ആകെ അമ്പരന്നു പോയി. ഒരു പക്ഷേ അവൾ ജീവിതത്തിൽ ഇത്രയും നടുങ്ങിയ ഒരു നിമിഷം ഉണ്ടായിട്ടുണ്ടാകില്ല.ആകെ വെള്ളം
നിറഞ്ഞിരിക്കുന്നു. താൻ നിൽക്കുന്ന തന്റെ വീടിന്റെ ആദ്യ നില മുങ്ങിയിരിക്കുന്നുഎന്നവൾ മനസ്സിലാക്കി. ചുറ്റുമുള്ള വീട്ടുക്കാരെ ആരോ വന്ന്

, ഒരു പക്ഷേ രക്ഷാപ്രവർത്തനം നടത്തുന്നവരാകം അവർ ഒരു ചെറിയ ബോട്ടിൽ കയറ്റി കൊണ്ടുപോകുന്നു.അവൾ ഉറക്കെ കരഞ്ഞു വിളിച്ചു. ദൈവത്തെ. വെള്ളത്തിൻെറ
കലമ്പലിൻെറ ശബ്ദവും ആളുകളുടെ ഒച്ചപ്പാടും കാരണം ആരു അത് കേട്ടില്ല.ഇനിയും താൻ ഇവിടെ തന്നെ നിന്നാൽ തൻെറ ജീവനാപത്തെന്ന് മനസ്സിലാക്കി ആകും അവൾ ആരും കേൾക്കുന്നില്ല എന്ന് മനസ്സിലായിട്ടും ഉറക്കെ 'എന്നെ രക്ഷിക്കു.....രക്ഷിക്കു.....' കരഞ്ഞ്ക്കൊണ്ടിരിക്കുന്നത്.
ആ നേരം പെട്ടന്ന് തുഴഞ്ഞുകൊണ്ടിരിന്ന ഒരാൾ അവളുടെ ആ വിളി ഒരു അശരീരി എന്ന പോലെ കേട്ടു. പെട്ടന്ന് വഞ്ചി ഒരു മരത്തിൽ ചേർത്ത് അയാൾ തൻെറ കൈകൾ മരക്കൊമ്പിൽ അമർത്തിപ്പിടിച്ച് ചുറ്റും നോക്കി.അയാൽ കണ്ടു.തന്നെ രക്ഷിക്കു എന്നു പറഞ്ഞ് ജീവനു വേണ്ടി യാചിക്കുന്നു ആ കുട്ടിയെ. അയാൾ പെട്ടെന്ന് അമ്പരന്നു. അത് തൻെറ മകളായിരുന്നു. അയാൾ ഉടനെ തന്നെ ആ വഞ്ചി ശക്തിയിൽ തുഴഞ്ഞ് വീടിനോടടുപ്പിച്ചു. അതുകഴിഞ്ഞ നോക്കിയപ്പോൾ വീടിൻെറ ഒന്നാം നില പൂർണമായി മുങ്ങിയിരുന്നു. അവൾ അതുകൊണ്ടുതന്നെ രക്ഷിക്കാൻ എളുപ്പവുമായിരുന്നു. അവൾ തന്റെ അച്ചന്റെ കൈ പിടിച്ചിരിന്നു വഞ്ചിയിൽ ഇരുന്നതോടെ അവളുടെ മനസ്സ് ഒരു വിധം ആശ്വാസാത്തിലാണു. അയാൾ വഞ്ചി ശക്തിയിൽ തുഴഞ്ഞു. വെള്ളം കയറാത്ത ഒരു സ്ഥലത്ത് വകളെ എത്തിക്കാനുള്ള തന്റെ പിടച്ചിൽ അതിലുണ്ടായിരുന്ന സ്നേഹം അവൾ അറിഞ്ഞു.

സുബിത എം.എസ്



# ജൈവ വൈവിധ്യം ഉദ്യാനം

ചായപ്പൻകുഴി ജി .എച്ച്. എസ്.എസിൽ 2018-19 അധ്യയന വർഷത്തിൽ Eco Club നോട് അനുബന്ധമായി ഹരിത സമിതി രൂപീകരിച്ചു PTA President, PTA members,senior assistant, അധ്യാപക പ്രതിനിധികൾ എന്നിവരും വിദ്യാരത്ഥിപ്രതിനിധികളും ഇതിൽ അംഗങ്ങളാണ്



- **പ്രവർത്തനങ്ങൾ**

**a)ഹരിത സമിതി രൂപികരണം**

b)ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ G.H.S.S ചായ്യ്പൻകുഴി school ലെ 3 ഏക്കറോളം വരുന്ന compound. ജൈവവൈവിധ്യ സമ്പന്നമായ് hilly region വിഭാഗത്തിൽപ്പെടുന്ന ഈ വിദ്യാലയത്തിൽ ധാരാളം മരങ്ങളും സസ്യലതാദികളും ഉണ്ട് . ഉദാഹരണമായി, തേക്ക്,,മട്ടി,കശുമാവ് ഞാവൽ,കണിക്കൊന്ന,ചന്ദനം,മന്ദാരം,ഉങ്ങ്,കരിനൊച്ചി, തെങ്ങ്,മാവ്, പ്ലാവ്,റംബൂട്ടൻ,പന,ചാമ്പ,മദിരാശിപ്പഴമരം,താണി തുടങ്ങിയ ധാരാളം മരങ്ങളും ഈ മരങ്ങളിൽ, ധാരാളം പക്ഷികളേയും കാണാൻ സാദിക്കും, തത്ത, വേഴാമ്പൽ വാലൻകിളി, മഞ്ഞകിളി, പച്ചകിളി, തുടങ്ങിയവയും പല ചെറുകിളികളെയും കാണം. പാമ്പുകൾ ,ഉടുമ്പ് തുടങ്ങിയ ഇഴജന്തുക്കളെയും കാണാവുന്നതാണ്



c, പച്ചക്കറികൃഷി

Eco club ന്റെ നേതൃത്വത്തിൽ പയക്കറി കൃഷി നടത്തുന്ന നിലമൊരുക്കുന്നത്. വിവിധ പയക്കറിവിത്തുകൾ, പയക്കറി തൈകൾ ശേഖരിച്ച് നട്ട് നനച്ച് പരിപാലിക്കുവാൻ വിദ്യാർത്ഥികൾക്ക് അതിവ താൽപര്യമുണ്ട്. അതിൽ നിന്ന് ലഭിക്കുന്ന വിഭവങ്ങൾ. കുട്ടികൾ ഉയഭക്ഷണത്തിന് ഉപയോഗിക്കാറുണ്ട് ഒരു വർഷത്തിൽ വാഴയിൽ നിന്നും ധാരളം വാഴക്കുലകൾ ലഭിക്കാറുണ്ട്.


## d, ജൈവവൈവിധ്യപാർക്ക് രൂപികരണം

വിദ്യാലയത്തിലെ compound നിരപ്പായ സ്ഥലമില്ലാത്തതിനാൽ ഒരു പ്രത്യേക Area ജൈവവൈവിധ്യ പാർക്കിന്റെ രൂപികരണത്തിന് സാധ്യമല്ലെങ്കിലും

Kerala Infrastructure and Technology for Education

സ്ഥലപരിമിതി ഉൾക്കൊണ്ടുള്ള ജൈവവൈവിധ്യ സംരക്ഷണവും . പുതിയ സസ്യങ്ങൾ വച്ചുപിടിപ്പിക്കലും പരിപാലനവും നടത്തുന്ന ഹരിതസേനാംഗങ്ങളും Eco club അംഗങ്ങളും വെള്ളവും വളവും നൽകി സസ്യലതാദികളെ നിലനിർത്തുന്നു

# മരം ഒരു വരം



## പ്രകൃതിയെ സ്നേഹിക്കൂ പ്രകൃതി നമ്മെ സ്നേഹിക്കും

# S.P.C

**2017-2018 അധ്യയനവർഷത്തിൽ spc unit പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ റൂറലിന്റെ കീഴിലാണ് spc unit. 2017-2018 ൽ spc junior batch മാത്രമാണ് ഉണ്ടായിരുന്നത്. 2018-19 ൽ spc**



**junior batch ൽ 44 cadets ഉം senior batch ൽ 44 cadets ഉം പ്രവർത്തിച്ചുവരുന്നു .CPO ആയി Naina Austin teacher ഉം ACPO ആയി Philo teacher ഉം പ്രവർത്തിക്കുന്നു . Merit Day യിൽ Junior Batch ന്റെ ഉദ്ഘാടനം നടന്നു. ലഹരി വിരുദ്ധ ദിനത്തിൽ കുറ്റിച്ചിറ ഗാന്ധി square ൽ വെള്ളിക്കുളങ്ങര S.I class നൽകുകയുണ്ടായി. പ്രളയത്തോടനുബന്ധിച്ച് കുറ്റിച്ചിറ പള്ളം പ്രദേശത്ത്**



വീടുകളിൽ നിത്യോപയോഗസാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. ഹയർ സെക്കന്ററി വിഭാഗത്തിലെ പ്രളയത്തിൽ വീടു തകർന്ന വിദ്യാർത്ഥിനിക്ക് SPC Unit സമാഹരിച്ച തുകകൊണ്ട് വീട്ടു പാത്രങ്ങൾ വാങ്ങി നൽകി. വാഴച്ചാൽ കോളനി പ്രദേശത്ത് 20 വീടുകളിൽ നിത്യോപയോഗസാധനങ്ങളുടെ കിറ്റ് വിതരണം ചെയ്തു . പോലിസ് ദിനവുമായി ബന്ധപെട്ട് സൈക്കിൾ റാലി നടത്തി. ഗാന്ധിജയന്തി ദിനത്തിൽ കുറ്റിച്ചിറയിൽ എൽ . പി . സ്കൂളിന്റെ മുൻഭാഗം വൃത്തിയാക്കുകയും കുറ്റിമുല്ല ചെടി നടുകയും ചെയ്തു. ശിശു ദിനത്തോടനുബന്ധിച്ച് കുടപ്പുഴ അനുഗ്രഹസദൻ സന്ദർശിക്കുകയും കുട്ടികളിൽ നിന്നും സമാഹരിച്ച നിത്യോപയോഗസാധനങ്ങൾ നൽകുകയും ചെയ്തു. ക്രിസ്തുമസ് അവധിക്കാല ക്യാമ്പ് ഡിസംബർ 22,23,24 ദിവസങ്ങളിലായി നടന്നു. SPC PTA യും kerala police department ഉം spc പ്രവർത്തനങ്ങൾക്ക് ഉണർവേകുന്നു.

# ഇവർ ജിഎച്ച്എസ് എസ് ചായ്യൻകുഴിയുടെ അഭിമാനം........

## ക്വിസ് മത്സര വിജയികൾ



### അരവിന്ദ് ജെ ആർ

സോഷ്യൽ സയൻസ് ക്വിസ് ഒന്നാം (സബ്ജില്ലസ്ഥാനം)

ചരിത്ര ക്വിസ് ( ജില്ലാതലം മൂന്നാം സ്ഥാനം)

പോലീസ് കൊമ്മൊമ്മറേഷൻ ദിന ക്വിസ് മത്സരം (ഒന്നാം സ്ഥാനം)

സബ്ജില്ലാതല വായനാമത്സരം (നാലാം സ്ഥാനം)

അക്ഷരമുറ്റം ക്വിസ് (സബ്ജില്ല നാലാം സ്ഥാനം)

മങ്ങാട്ട് പുരുഷോത്തമ മേനോൻ മെമ്മോറിയൽ ക്വിസ്

മത്സരം (പ്രോത്സാഹന സമ്മാനം)

ക്ഷേത്രപ്രവേശന വിളംബരത്തോട് അനുബന്ധിച്ച ക്വിസ്

മത്സരം (ഒന്നാം സ്ഥാനം)

===============================

# ആർജിത്ത് ടി എസ്



ചരിത്ര ക്വിസ് മത്സരം

**(ജില്ലാതലം മൂന്നാം സ്ഥാനം)**

ക്ഷേത്ര പ്രവേശന വിളംബരത്തോട്

അനുബന്ധിച്ച ക്വിസ് മത്സരം

**(ഒന്നാംസ്ഥാനം)**

പോലീസ് കമ്മൊമ്മൊറേഷൻ ദിന

ക്വിസ് മത്സരം**(ഒന്നാംസ്ഥാനം)**

സബ്ജില്ലാതല വായനാമത്സരം( **മൂന്നാം സ്ഥാനം)**

മങ്ങാട്ട് പുരുഷോത്തമ മേനോൻ മെമ്മോറിയൽ ക്വിസ്

മത്സരം **(പ്രോത്സാഹന സമ്മാനം)**

# ഫിദൽ ശങ്കർ ടി ജെ



സോഷ്യൽ സയൻസ് ക്വിസ്
(**ഒന്നാം സ്ഥാനം**)

പോലീസ് കൊമ്മെമ്മൊറേഷൻ ദിന ക്വിസ് മത്സരം (**രണ്ടാം സ്ഥാനം**)

=================

# വിവേക് പി എസ്

**പോലീസ് കൊമ്മെമ്മൊറേഷൻ ദിന ക്വിസ് മത്സരം**
**(രണ്ടാം സ്ഥാനം)**



# കായികമത്സര വിജയികൾ

അനീന കെ എ





ദേവദത്തൻ പി

# രാത്രിമഴ

സ്നേഹസാന്ദ്രമായ്.............
ഇരുളിന്റെ മറവിലായ്......................
അകലെയൊരു തേങ്ങൽ പോൽ
അവൾ എന്നും എന്നെ പുണർന്നു....
എന്നുംഎന്നെ പുണർന്നു...

എന്നും വരാത്തതൻ പടികളിലൂടെ
ഞാൻ അവൾതൻ കൈപിടിച്ചു നടന്നു...
പല ദു:ഖങ്ങളിലും ഞാൻ ക്രൂടെ ക്രൂടി
കാണുന്നു അവൾതൻ നിസ്വനം മാത്രം...
അവൾതൻ നിസ്വനം മാത്രം...........

ചിരിയായ് പൊഴിയുന്ന അഴകേ...........
അലമാലകൾ പാടുന്ന ഗീതം..........
കവിളിൽ നിറയും മധുരം നുകരും
തേനോലും തുമ്പിപെണ്ണേ...........
തുമ്പിപെണ്ണേ.............`

മിന്നും കമ്പിളിപ്പട്ടുവിരിപ്പിൽ
നിൻചിരിതൻ താളം...........
രാത്രിമഴയെ പുത്തൻചിരികൾ
ഉണർത്തുക നിങ്ങൾ...........

അനാമിക കെ എ
10 A




***PHYSICS & BIOLOGY LAB***





**CHEMISTRY LAB**

# SMART CLASS ROOM





# വിദ്യാരംഗം കലാസാഹിത്യവേദി
# ഉപജില്ലാവിജയികൾ



**പ്രവൃത്തിപരിചയമേള ഉപജില്ലാ മത്സരം ഒന്നാംസ്ഥാനം**

**wood work A  Grade**



# ORC CAMP









# 2018-19 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# മികവിന്റെ പാതയിൽ

`









# അണിയറയിൽ

അരവിന്ദ് ജെ ആർ
വിവേക് പി എസ്
അജയ് കൃഷ്ണ
നന്ദു ഗോപി
സുബിത എം എസ്
മിഥുൻ നായർ
സൗരവ് കൃഷ്ണ
ആദ്യൻ
സാവേദ് ദിവാകരൻ
മീനാക്ഷി എം എസ്
ഉമാദേവി ടീച്ചർ
സിന്ധു ടീച്ചർ

# നന്ദി

**ഈ ജാലകം തയ്യാറാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും**

====================
========